"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - എൽ.എ.സി - എ.ഡി.എസ് - മലപ്പുറം ജില്ല - നിലമ്പൂർ നിയോജകമണ്ഡലത്തിലെ കുറുമ്പലങ്ങോട് ഗവൺമെന്റ് യു.പി.സ്കൂളിന് ബസ് വാങ്ങുന്നതിന് അനുവദിച്ച തുക മാറി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എം) വകുപ്പ്**

സ.ഉ.(സാധാ) നം.4528/2025/GEDN    തീയതി,തിരുവനന്തപുരം, 08-07-2025

---

പരാമർശം:-

1. 09.12.2016 - ലെ സ.ഉ (പി) നമ്പർ. 178/16/ധന
2. 05.03.2019 - ലെ സ.ഉ (സാധാ) നമ്പർ. 1648/19/ധന
3. 05.03.2025 - ലെ സർക്കുലർ നമ്പർ. 19/2025/ധന
4. മലപ്പുറം ജില്ലാ കളക്ടറുടെ 27.12.2024 - ലെ RD3 - 2296/2022 നമ്പർ നടപടിക്രമം
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 30.01.2025 - ലെ ബി2/2026/2025/ഡി.ജി.ഇ നമ്പർ കത്ത്.

**ഉത്തരവ്**

നിലമ്പൂർ നിയോജകമണ്ഡലം എം.എൽ.എ - യുടെ ആസ്തിവികസന ഫണ്ടിൽ (2022 - 23) നിന്നും കുറുമ്പലങ്ങോട് ഗവൺമെന്റ് യു.പി.സ്കൂളിന് ' 4202-01-800-84- Projects under LAC-ADS - Other Projects - NP ' എന്ന ശീർഷകത്തിൽ നിന്നും 28,50,000/- (ഇരുപത്തിയെട്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) രൂപ വിനിയോഗിച്ച് വാഹനം വാങ്ങുന്നതിന് പരാമർശം (4) പ്രകാരം ഭരണാനുമതി ലഭ്യമായ സാഹചര്യത്തിൽ വാഹനം വാങ്ങുന്നതിനായി പ്രസ്തുത തുക ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ , പരാമർശം (5) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിലേയ്ക്ക് ശുപാർശ ചെയ്തിരുന്നു. പരാമർശം (2) പ്രകാരം 14 ജില്ലകളിലേയും വിദ്യാഭ്യാസ ഉപഡയറക്ടർമാരെ മേൽ ശീർഷകത്തിലെ ഡ്രോയിംഗ് & ഡിസ്ബേർസിങ്ങ് ആഫീസറായി ചുമതലപ്പെടുത്തിയിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (3) - ലെ സർക്കുലറിന് അനുസൃതമായി , നിലമ്പൂർ നിയോജകമണ്ഡലത്തിലെ കുറുമ്പലങ്ങോട് ഗവൺമെന്റ് യു.പി.സ്കൂളിന്

ബസ് വാങ്ങുന്നതിനായി 28,50,000/- (ഇരുപത്തിയെട്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) രൂപ , നടപ്പ് സാമ്പത്തികവർഷം ' 4202-01-800-84 - Projects under LAC - ADS - Other Projects (NP) ' എന്ന ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ നിന്നും ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി അനുവദിച്ചുകൊണ്ടും പരാമർശം (1) ഉത്തരവിലെ നടപടിക്രമങ്ങൾ , പരാമർശം (4) ഉത്തരവിലെ നിബന്ധനകൾ എന്നിവ പാലിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് മലപ്പുറം ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
2. ജില്ലാ കളക്ടർ, മലപ്പുറം
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ് ) തിരുവനന്തപുരം.
4. ട്രെഷറി ഡയറക്ടർ, തിരുവനന്തപുരം.
5. വിദ്യാഭ്യാസ ഉപഡയറക്ടർ, മലപ്പുറം
6. ധനകാര്യ വകുപ്പ് (16.05.2025 - ലെ അനൗദ്യോഗികക്കുറിപ്പ് നമ്പർ. E 3094393 - NC - C1/24/2025- Fin പ്രകാരം)
7. ഇൻഫർമേഷൻ ഓഫീസർ , വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി
8. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, പൂജപ്പുര (പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
9. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sajitha V
Date: 08-07-2025 16:59:12
സെക്ഷൻ ഓഫീസർ